മി. സ്പീക്കർ: ഓർഡർ...... ഓർഡർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചോദ്യോത്തരവുമായി ബന്ധപ്പെട്ട് ഒരു കാര്യം മെൻഷൻ ചെയ്യുന്നു. സഭയിൽ വന്നിരിക്കുന്ന ചോദ്യങ്ങളിൽ 152-ാമത്തെ ചോദ്യത്തിന്റെ ഉൾപ്പിരിവുകളിൽ വന്നിട്ടുള്ളത്; മുഖ്യമന്ത്രിക്കെതിരായി പ്രതിഷേധിച്ചത്, കാക്കനാട് വച്ച് മുഖ്യമന്ത്രിയുടെ വാഹനം തകർക്കാൻ ശ്രമിച്ചത്, തൈക്കാട് ഗസ്റ്റ്ഹൗസിൽവച്ച് ഗൂഢാലോചന നടത്തിയത്, എൽ.ഡി.എഫ്. കൺവീനറെ വധിക്കാൻ ശ്രമിച്ചത് തുടങ്ങിയ ചോദ്യങ്ങളാണ്. കഴിഞ്ഞദിവസം ഇവിടെ എ.കെ.ജി. സെന്റർ ആക്രമണം, മുഖ്യമന്ത്രിയുടെ യാത്രയിലെ കരുതൽ തടങ്കൽ, ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം തുടങ്ങിയ ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യമായതിന് ഞങ്ങൾ പരാതി നൽകിയപ്പോൾ അങ്ങ് അന്ന് നടത്തിയ റൂളിംഗിന് വിരുദ്ധമായിട്ടാണ് നക്ഷത്രചിഹ്നമിട്ട ചോദ്യമായി ഇന്നത്തെ രണ്ടാമത്തെ ചോദ്യം വന്നിരിക്കുന്നത്. ഞങ്ങൾ നൽകുന്ന ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിലേയ്ക്ക് പോകുകയും ഒരേ ചട്ടത്തിന്റെ

മാനദണ്ഡം പല രീതിയിൽ വ്യാഖ്യാനിക്കുകയും പ്രതിപക്ഷനേതാക്കൾക്കും പുറത്തുള്ള ആളുകൾക്കുമെതിരായിട്ടുള്ള ദുരാരോപണങ്ങളുള്ള ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ചോദ്യമായി വന്നിരിക്കുന്നു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു; തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> ഇതുസംബന്ധിച്ച് ശ്രീ. എ. പി. അനിൽകുമാറിന്റെ പരാതി ലഭിച്ചിരുന്നു. പരാതി ലഭിച്ചപ്പോൾത്തന്നെ അക്കാര്യം പരിശോധിച്ചു. വലിയ തോതിലുള്ള എഡിറ്റിംഗിനുശേഷമാണ് ഈ നിലയിൽ ചോദ്യം വന്നിട്ടുള്ളതെന്നാണ് പരിശോധനയിൽ കണ്ടത്. ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യങ്ങൾ തയ്യാറാക്കി നൽകുമ്പോൾ ചട്ടങ്ങൾക്കനുസരിച്ചാണ് തയ്യാറാക്കേണ്ടതെന്ന് കഴിഞ്ഞ റൂളിംഗിലും പറഞ്ഞിരുന്നു. അഭ്യൂഹങ്ങൾ, ആരോപണങ്ങൾ തുടങ്ങിയവ ചട്ട വിരുദ്ധമായി ചോദ്യങ്ങളിൽ ഉൾപ്പെടുത്തുന്നത് ശരിയല്ലയെന്നുള്ളത് ചെയറിൽനിന്നും റൂൾ ചെയ്തിട്ടുള്ളതാണ്. അതിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത് എഡിറ്റിംഗിനുശേഷമുണ്ടായിട്ടുള്ളതാണ്. എഡിറ്റിംഗ് നടത്തുമ്പോൾ ഇരുപക്ഷത്തുനിന്നും ഇതുസംബന്ധിച്ച് പരാതികളുണ്ട്. ഇക്കാര്യത്തിൽ അടുത്ത നിയമസഭാ സമ്മേളനം മുതൽ മാനദണ്ഡങ്ങൾ കർശനമായി

പാലിക്കുമെന്ന് ഉറപ്പുവരുത്തും.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ചോദ്യം ഒഴിവാക്കുന്നതല്ലേ നല്ലത്?

മി. സ്പീക്കർ: സഭയിൽ വന്നൊരു ചോദ്യം ഒഴിവാക്കാൻ നിർവ്വാഹമില്ല.

മി. സ്പീക്കർ: ചോദ്യം നമ്പർ (*151)

പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

(*151)ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലനിലവാരം പിടിച്ചുനിർത്തുന്നതിനും നിത്യോപയോഗ സാധനങ്ങൾ സുലഭമാക്കുന്നതിനും പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ പ്രധാന പ്രദേശങ്ങളിലും കൂടുതൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ) കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധതരം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്.

വിപണി ഇടപെടലിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. 2016-നുശേഷം 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പന വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ' ശബരി ' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമെ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. എല്ലാ പഞ്ചായത്തുകളിലും

നിലവിലുള്ള വില്പനശാലകളിലൂടെയും മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും മൊബൈൽ മാവേലി സ്റ്റോറുകളിലൂടെയും അവശ്യ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു.

ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കൽ, അവശ്യസാധനങ്ങളുടെ ഓൺലൈൻ സെയിൽസ് ആൻഡ് ഹോം ഡെലിവറി, വിപണന ശൃംഖല വിപുലീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ സപ്ലൈകോ വഴി നടപ്പിലാക്കി വരുന്നു.

നിലവിലെ മാവേലി സ്റ്റോറുകൾ വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് സപ്ലൈകോ സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിന് സപ്ലൈകോ ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

സംസ്ഥാനത്ത് ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത് വഴി അരി വില പൊതുവിപണിയിൽ ഉയരുന്നത് തടയുവാൻ സാധിച്ചിട്ടുണ്ട്.

PMGKAY പദ്ധതി പ്രകാരം നല്കിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. FCI ഗോഡൗൺ, സി.എം.ആർ. മിൽ എന്നിവിടങ്ങളിൽനിന്നും NFSA ഗോഡൗണുകളിലേയ്ക്കും ടി ഗോഡൗണുകളിൽനിന്നും റേഷൻ കടകളിലേയ്ക്കും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിന് GPS അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് & ഫ്ലീറ്റ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ചുവരുന്നു.

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നല്കുന്നതിന്റെയും റേഷൻ കടകളെ വൈവിദ്ധ്യവത്ക്കരിക്കുന്നതിന്റെയും ഭാഗമായി കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്കുപുറമെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻ കടയുടമകൾക്ക് അധിക വരുമാനമാർഗ്ഗമാണ് കെ- സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അപേക്ഷകൾ ലഭ്യമാകുന്ന പ്രദേശങ്ങളിൽ അന്വേഷണവിധേയമായി കടകൾ അനുവദിച്ചുവരുന്നു. നിലവിൽ 599 റേഷൻകടകൾക്ക് ഒന്നാം ഘട്ട വിജ്ഞാപനം നടത്തുകയും ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. രണ്ടാം ഘട്ട വിജ്ഞാപനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, പൊതുവിതരണ സംവിധാനം ഇന്ന് ജനങ്ങളുടെ ജീവിതതാളമായി മാറിയിട്ടുണ്ട്. വിലക്കയറ്റം പിടിച്ചുനിർത്തുക മാത്രമല്ല, വിഷരഹിത ഉത്പ്പന്നങ്ങൾ റേഷൻകടകളിലൂടെയും മാവേലിസ്റ്റോറുകളിലൂടെയും ലഭ്യമാണ്. കോവിഡ് മഹാമാരി നമ്മുടെ ജീവിത സാഹചര്യത്തെ പൊളിച്ചെഴുതിയപ്പോൾ ഓരോരുത്തരുടെയും വിശപ്പുമാറ്റാൻ സഹായകമായത് ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റായിരുന്നു. ദാനങ്ങളിൽ മഹാദാനമാണ് അന്നദാനം എന്നതുപോലെ പിണറായി സർക്കാരിന്റെ മഹാദാനത്തെ ഞങ്ങൾ ഭക്ഷ്യ-പൊതുവിതരണ വകുപ്പിലൂടെ ഇടനെഞ്ചിലേറ്റിയിരുന്നു. റേഷൻകടകളെ കൂടുതൽ ജനകീയമാക്കാൻ

സർക്കാർ ലക്ഷ്യമിട്ട കെ-സ്റ്റോർ സംവിധാനത്തിന്റെ നടപടികൾ ഏതുവരെയെത്തി; എന്റെ നിയോജകമണ്ഡലത്തിൽ 409-ാം നമ്പർ റേഷൻ കട കെ-സ്റ്റോർ ആക്കാനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും അത് നടപ്പാക്കിയിട്ടില്ല. ആയതിനാൽ എത്രയുംവേഗം അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിലെ മുഴുവൻ റേഷൻ ഷോപ്പുകളും ഘട്ടംഘട്ടമായി സ്മാർട്ട് റേഷൻകടകളാക്കുകയെന്നതാണ് സർക്കാരിന്റെ നയം. റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി സ്മാർട്ട് കാർഡുകളുടെ സഹായത്തോടെ മിനി ബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ചോട്ടുഗ്യാസ് വിതരണം, മിൽമ ഉൽപ്പന്നങ്ങൾ, ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ എന്നിവ റേഷൻകടകളിൽനിന്ന് ലഭ്യമാക്കി കെ-സ്റ്റോറുകളാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ 837 റേഷൻ വ്യാപാരികൾ ഇതുമായി സഹകരിക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. ഇവരുടെ റേഷൻ കടകളുടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്ന ദേശസാത്കൃത ബാങ്കിന്റെ സഹായത്തോടുകൂടി സർക്കാർ ഗ്രാന്റിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെ

കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകാൻ കഴിയുമോയെന്ന കാര്യം ആലോചിച്ചുവരികയാണ്. ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന റേഷൻ കടകളുടെ ലൈസൻസുകൾക്ക് ബാങ്കുകളുടെ സഹായത്തോടുകൂടി ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ വേഗം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, FCI-ൽനിന്നും എത്തിക്കുന്ന ഭക്ഷ്യസാധനങ്ങൾ റേഷൻകടകളിലെത്തിയാൽ മാത്രമേ അത് നല്ലതോ ചീത്തയോയെന്ന് തിരിച്ചറിയാൻ കഴിയുകയുള്ളൂ. ചീത്തയായ സാധനങ്ങൾ ഉടൻ മടക്കി നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, FCI-ൽനിന്നുള്ള ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. DSO (District Supply Officer), സപ്ലൈകോയിലെ RMO (Regional Marketing Officer), ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ, FCI-യുടെ പ്രതിനിധി എന്നിവരുടെ നേതൃത്വത്തിൽ ഭക്ഷ്യധാന്യങ്ങൾ പരിശോധിച്ചശേഷമാണ് ഇപ്പോൾ വിട്ടുതൽ ചെയ്തെടുക്കുന്നത്. കേടായ

ഭക്ഷ്യധാന്യങ്ങൾ പരിശോധനാവേളയിൽത്തന്നെ ഒഴിവാക്കാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കോവൂർ കുഞ്ഞുമോൻ): സർ, സംസ്ഥാനത്ത് സിവിൽസപ്ലൈസിന്റെ പ്രവർത്തനം വളരെ നല്ല നിലയിൽ നടക്കുകയാണ്. എന്റെ പ്രധാന ചോദ്യം, സമ്പുഷ്ടീകരിച്ച (ഫോർട്ടിഫൈഡ്) അരി സംസ്ഥാനത്ത് വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ? വയനാട് ജില്ലയിൽ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്നതിനെതിരായി ചില ആശങ്കകളും ഉത്കണ്ഠകളും നിലനിൽക്കുകയാണ്. പലരും സിക്കിൾസെൽ അനീമിയ ബാധിച്ച് ആശുപത്രിയിലാകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം അന്വേഷിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഫോർട്ടിഫൈഡ് റൈസ് സംസ്ഥാനത്ത് വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, സ്ത്രീകളിലും കുട്ടികളിലും പൊതുവായി കാണപ്പെടുന്ന അനീമിയ തുടങ്ങിയ രോഗങ്ങൾക്ക് കാരണം ആഹാരത്തിലെ പോഷകക്കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് സാധാരണ ഭക്ഷണത്തിനായി ഉപയോഗിക്കുന്ന ഭക്ഷ്യധാന്യത്തിൽ അയൺ, ഫോളിക്കാസിഡ്, വിറ്റാമിനുകൾ എന്നിവ ചേർത്ത് ഫോർട്ടിഫൈഡ് റൈസ് പൊതുവിതരണശൃംഖല വഴി വിതരണം നടത്തണമെന്നാണ് കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയായ വിഷയമാണ്. ഇതിന്റെ ഭാഗമായിട്ടാണ് കേന്ദ്രസർക്കാർ ആദിവാസി സമൂഹം കൂടുതൽ അധിവസിക്കുന്ന വയനാട് ജില്ലയെ തെരഞ്ഞെടുത്തുകൊണ്ട് അവർക്ക് ഫോർട്ടിഫൈഡ് റൈസ് നൽകാനുള്ള നടപടികൾ സ്വീകരിച്ചത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങളും സന്നദ്ധ സംഘടനകളും ആശങ്ക അറിയിച്ച് എനിക്ക് രേഖാമൂലം കത്ത് നൽകുകയുണ്ടായി. അത് ശ്രദ്ധയിൽപ്പെട്ടതോടുകൂടി വയനാട് ജില്ലയിലെ ബഹുമാന്യരായ മൂന്ന് എം.എൽ.എ.മാരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിക്കുകയുണ്ടായി. തലാസിമിയ, സിക്കിൾസെൽ അനീമിയ ബാധിതർക്ക് സംപുഷ്ടീകരിച്ച അരിയുടെ ഉപയോഗം ദോഷകരമാകുമെന്ന ആശങ്ക ആ

യോഗത്തിൽ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം രോഗികൾക്ക് ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചു. ഫോർട്ടിഫൈഡ് റൈസിന്റെ ഉപയോഗം സംബന്ധിച്ച ആശങ്കകൾ പരിശോധിക്കുന്നതിന് ഡോക്ടർമാരുടെ ഒരു സമിതി രൂപീകരിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് ഇക്കാര്യം ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികളുമായി മുന്നോട്ടുപോകുകയുള്ളൂ.

(ചോദ്യം ചോദിക്കാനായി ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചെങ്കിലും അദ്ദേഹം സീറ്റിലുണ്ടായിരുന്നില്ല.)

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ പൊതുവിതരണ ശൃംഖലവഴി മാതൃകപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുവിതരണ സമ്പ്രദായത്തിന്റെ കാര്യക്ഷമതയ്ക്ക് നേതൃത്വം നൽകുന്ന വകുപ്പുമന്ത്രിയെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള

ഉല്പന്നങ്ങൾ തെരഞ്ഞെടുത്തതിലൂടെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയെ എത്രത്തോളം പ്രയോജനപ്പെടുത്താനും ഫലപ്രദമാക്കാനും സാധിച്ചിട്ടുണ്ട്; ഓണത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന സൗജന്യ ഭക്ഷ്യക്കിറ്റുകളുടെ വിതരണ പുരോഗതിയെ സംബന്ധിച്ച് വ്യക്തമാക്കാമോ; കിറ്റ് വിതരണ പരിപാടിയിൽ എന്തെങ്കിലും തടസ്സമുണ്ടോ തുടങ്ങിയ കാര്യങ്ങൾ അറിയാൻ ആഗ്രഹിക്കുകയാണ്. റേഷൻ കാർഡ് വിതരണമുൾപ്പെടെയുള്ള പരാതികൾ കാര്യക്ഷമമായി പരിഹരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ജില്ലയിലെ ഭക്ഷ്യക്കിറ്റ് വിതരണ പരിപാടിയുടെ ഉത്ഘാടനം ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഞാൻ നിർവ്വഹിച്ചപ്പോൾ അതിൽ പങ്കെടുത്ത ജനങ്ങൾ വളരെ ആവേശത്തോടും അത്ഭുതത്തോടുംകൂടി രംഗത്തുവന്നത് ഞാൻ പ്രത്യേകം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതിനാൽ ഭക്ഷ്യക്കിറ്റ് വിതരണ പരിപാടി ഇക്കാലയളവിൽ അനുഗ്രഹീതമാണ്. ഇവിടെ പരാമർശിച്ച സ്ഥാപനങ്ങൾ മുഖേന ഭക്ഷ്യക്കിറ്റ് വിതരണം നടത്തുമ്പോൾ ജനങ്ങൾക്ക് വരെയേറെ കാര്യക്ഷമതയും പ്രയോജനക്ഷമതയും

ലഭിച്ചിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി വിലയിരുത്തിയിട്ടുണ്ടോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: ബഹുമാനപ്പെട്ട അംഗം രണ്ട് ചോദ്യങ്ങളാണ് ഉന്നയിച്ചത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യക്കിറ്റുകളുടെ വിതരണം സുഗമമായി നടക്കുകയാണ്. ഇന്നലെ വൈകുന്നേരം (31-08-2022) വരെയുള്ള കണക്കനുസരിച്ച് 5279301 കിറ്റുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തു. സംസ്ഥാനത്തെ മൊത്തം റേഷൻ കാർഡുടമകളിൽ 55 ശതമാനത്തിലധികം ആളുകൾ കിറ്റ് വാങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇനിയും ഏഴെട്ട് ദിവസമുള്ളതുകൊണ്ട് അതിന്റെ പ്രവർത്തനം സുഗമമായി നടത്താൻ സാധിക്കും. എ.എ.വൈ. (മുൻഗണനാ വിഭാഗം) വിഭാഗത്തിൽ 91.2%-വും പി.എച്ച്.എച്ച്. കാർഡ് വിഭാഗത്തിൽ (മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടതാണ്) 88.4%-വും ഭക്ഷ്യക്കിറ്റുകൾ വാങ്ങി.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റൊരു ചോദ്യം കിറ്റിലെ ഉല്പന്നങ്ങൾ തെരഞ്ഞെടുത്തത് സംബന്ധിച്ചാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ഉൾപ്പെടെയുള്ള

വനിതാ കൂട്ടായ്മകൾ, മറ്റ് എം.എസ്.എം.ഇ. യൂണിറ്റുകൾ എന്നിവർക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് കിറ്റിലെ ഇനങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളത്. കാപ്പെക്സ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് അണ്ടിപരിപ്പ് വിതരണം ചെയ്യുന്നത്. ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 34 കോടിയോളം രൂപയുടെ ബിസിനസ്സ് ലഭിക്കുന്നതാണ്. കിറ്റിനാവശ്യമായ നെയ് വിതരണം ചെയ്യുന്നത് മിൽമയാണ്. 29 കോടിയോളം രൂപയുടെ വിറ്റുവരവാണ് ഇതിലൂടെ മിൽമയ്ക്ക് ലഭ്യമാകുന്നത്. ഏലക്ക, മഞ്ഞൾപ്പൊടി, മുളകുപൊടി എന്നിവ റെയ്ഡ്കോ മുഖേനയാണ് ലഭ്യമാക്കുന്നത്. റെയ്ഡ്കോയ്ക്ക് ഈയിനത്തിൽ 56 കോടിയോളം രൂപയുടെ വിറ്റുവരവ് പ്രതീക്ഷിക്കുകയാണ്. ഇടുക്കി ജില്ലയിലെ ഏലം കർഷകരിൽ നിന്നാണ് റെയ്ഡ്കോ ഏലം സംഭരിക്കുന്നത്. കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാകൂട്ടായ്മകൾ, ചെറുകിട യൂണിറ്റുകൾ എന്നിവ വഴിയാണ് ശർക്കരവരട്ടി ലഭ്യമാക്കുന്നത്. ഇതിലൂടെ അവർക്ക് 19 കോടിയോളം രൂപയുടെ വിറ്റുവരവ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന തേയിലയ്ക്ക് മുൻഗണന നൽകിയാണ് കിറ്റിലെ ആവശ്യത്തിനായി തേയില

സംഭരിച്ചിട്ടുള്ളത്. ഇത്തരത്തിൽ 226 കോടിയോളം രൂപയുടെ വിറ്റുവരവ് ഭക്ഷ്യക്കിറ്റ് വിതരണത്തിലൂടെ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ കൂട്ടായ്മകൾ, മറ്റ് എം.എസ്.എം.ഇ. യൂണിറ്റുകൾ എന്നിവയ്ക്ക് ലഭിക്കുമെന്ന കാര്യം വളരെ സന്തോഷത്തോടെ സഭയെ അറിയിക്കുകയാണ്.

മി. ചെയർമാൻ: ഈ സെഷനിൽ ഇതുവരെ ഉപചോദ്യങ്ങൾക്ക് അവസരം ലഭിക്കാത്ത അംഗങ്ങൾക്ക് ഇന്ന് ഉപചോദ്യം ചോദിക്കുന്നതിന് പ്രഥമ പരിഗണന നൽകണമെന്നാണ് കരുതുന്നത്. അതിനാൽ അവസരം ലഭിച്ച അംഗങ്ങൾ അത് മനസ്സിലാക്കി സഹകരിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ,.......

മി. ചെയർമാൻ: ശ്രീ. എം. വിൻസെന്റിന് ഈ സെഷനിൽ ഉപചോദ്യം ലഭിച്ചിട്ടില്ല. അതിന്റെ ലിസ്റ്റുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ധാരാളം നടപടികൾ സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അരിയുടെ വില

വാണംപോലെ കുതിച്ചുയരുകയാണ്. മൂന്നുമാസങ്ങൾക്കുമുമ്പ് 32 രൂപയായിരുന്ന ഒരുകിലോ വടി അരി ഇപ്പോൾ 56 രൂപയായി വർദ്ധിച്ചു. രണ്ട് മാസംമുമ്പ് ഒരുകിലോ ജയ അരിക്ക് 33 രൂപയായിരുന്നത് ഇപ്പോൾ 52 രൂപയായി വർദ്ധിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് നോൺ പ്രയോരിറ്റി കാർഡുകാർക്ക് ജൂലൈ മാസം 10 കിലോ അരി റേഷൻ വിഹിതമായി നൽകിയത്, അത് ആഗസ്റ്റ് മാസമായപ്പോൾ 8 കിലോ അരിയായി കുറഞ്ഞു. ഈ മാസം വെറും രണ്ട് കിലോ അരിയാണ് അലോട്ട് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ രണ്ട് കിലോയാക്കി കുറച്ചതിനുശേഷം ഓണത്തിന് 10 കിലോ സ്പെഷ്യൽ അരി നൽകുന്നുവെന്ന് പറയുന്നു. എന്റെ ചോദ്യം, പൊതുവിപണിയിൽ വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും, എന്നാൽ സ്പെഷ്യൽ അരിയെന്ന നിലയിൽ 70 ശതമാനം കാർഡുടമകൾക്ക് നൽകുന്നതിനാവശ്യമായ അരിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ഇന്നലെയാണ് അത് റേഷൻകടകളിൽ എത്തിയത്. ഏഴാം തീയതിക്ക് മുമ്പ് അത് വാങ്ങണമെന്നും അറിയിച്ചിരിക്കുന്നു. 100 ശതമാനം കാർഡുടമകൾക്ക് നൽകേണ്ട അരി 70 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഈ നടപടി

പൊതുവിപണിയിലെ അരിയുടെ വില കുറയ്ക്കുന്നതിന് ഉപകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലാണ് ചോദ്യം ഉന്നയിച്ചിരിക്കുന്നതെന്ന കാര്യം ഖേദപൂർവ്വം അറിയിക്കുകയാണ്. കാരണം അതിന്റെ വസ്തുതകളും കണക്കുകളും എല്ലാവർക്കും സുതാര്യമായി അറിയാവുന്നതാണ്. കേരളത്തിൽ മുൻഗണനാ വിഭാഗം 43 ശതമാണ്. ആ 43 ശതമാനം പേർക്ക് ലഭിക്കുന്ന അരിയെ സംബന്ധിച്ച്, എ.എ.വൈ. കാർഡുകാർക്ക് 30 കിലോ അരിയും 5 കിലോ ഗോതമ്പും ഉൾപ്പെടെ ആകെ 35 കിലോ ധാന്യമാണ് നൽകുന്നത്. അതുപോലെ, പി.എച്ച്.എച്ച്. (പിങ്ക് നിറത്തിലുള്ള കാർഡുകാർക്ക്) വിഭാഗത്തിൽ ഒരാൾക്ക് 5 കിലോ ധാന്യമാണ് നൽകുന്നത്. ഇതുകൂടാതെ ഈ രണ്ട് വിഭാഗത്തിൽപ്പെട്ട ആളുകൾക്കും കേന്ദ്ര ഗവൺമെന്റ് കോവിഡുമായി ബന്ധപ്പെട്ട് ഒരാൾക്ക് 5 കിലോ സൗജന്യമായി നൽകുന്നു. ഒരു സാധാരണ കുടുംബത്തിൽപ്പെട്ട ഒരു വ്യക്തിക്ക് ഇത്രയധികം അരി റേഷൻകടയിൽനിന്നും വാങ്ങിക്കൊണ്ട് പോകണമെങ്കിൽ വാഹന സൗകര്യം ഇല്ലാതെ സാധിക്കില്ല. അത്രയും അരി അവർക്ക് നൽകുകയാണ്. 57 ശതമാനമാണ് മുൻഗണനേതര വിഭാഗം. ബഹുമാനപ്പെട്ട അംഗം

പരിസരത്തുള്ള വ്യക്തികളുടെ കാര്യങ്ങൾ മനസ്സിലാക്കിയതിനുശേഷമാണ് സഭയിൽ ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കേണ്ടത്. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട 57 ശതമാനം കാർഡുടമകൾക്ക് വില കുറച്ചും കേന്ദ്ര ഗവൺമെന്റിന്റെ വിഹിതവും കണക്കിലെടുത്താണ് അരി വിഹിതം നിശ്ചയിച്ചിട്ടുള്ളത്. ഒരു പരാതിയുമില്ല, ആവശ്യാനുസരണം അരി വിതരണം നടക്കുന്നുണ്ട്. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട അംഗം പരാമർശിച്ച വിഷയത്തെക്കുറിച്ച് കുറച്ചുകൂടി വ്യക്തമാക്കണമെന്ന് ഉദ്ദേശിക്കുകയാണ്. ഓണക്കാലത്ത് പൊതുവിപണിയിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി സംസ്ഥാനതലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും സ്പെഷ്യൽ ഫെയറുകൾ ആരംഭിച്ചിരിക്കുന്നു. ജയ, കുറുവ ഇനത്തിൽപ്പെട്ട അരിക്ക് സപ്ലൈകോ 25 രൂപ ഈടാക്കുമ്പോൾ പൊതുവിപണിയിൽ യഥാക്രമം 49-ഉം 43 -ഉം രൂപയാണ് ഈടാക്കുന്നത്. 92 ലക്ഷം കാർഡുടമകൾക്കും റേഷൻ വിഹിതത്തിനുപുറമെ ഒരു സപ്ലൈകോ യൂണിറ്റിൽനിന്നും 10 കിലോ അരി വീതം വാങ്ങാനുള്ള സൗകര്യം ഗവൺമെന്റ് ഒരുക്കിയിരിക്കുകയാണ്. 49 രൂപ വിലയുള്ള ജയ അരി സപ്ലൈകോയിൽനിന്നും സബ്സിഡി നിരക്കിൽ

25 രൂപയ്ക്ക് വാങ്ങാൻ സാധിക്കും. സപ്ലൈകോയിൽ മട്ട അരിയുടെ വില 24 രൂപയും മാർക്കറ്റിലെ വില 42 രൂപയുമാണ്. പച്ചരിക്ക് സപ്ലൈകോയിൽ 23 രൂപയും പൊതുവിപണിയിൽ 32 രൂപയുമാണ്. അതിനുപുറമെയാണ് റേഷൻകടകളിലൂടെ യഥേഷ്ടം അരി നൽകുന്നത്. വെള്ള നിറത്തിലുള്ള കാർഡുകാർക്ക് താങ്കൾ സൂചിപ്പിച്ചതുപോലെ പരിമിതമായെ അരി നൽകാൻ സാധിക്കുകയുള്ളൂ. അത് നമ്മുടെ കുറ്റമല്ല, കേന്ദ്ര ഗവൺമെന്റ് അരി നൽകുന്നില്ല. അതുസംബന്ധിച്ച പ്രമേയം ഏകകണ്ഠമായാണ് പാസ്സാക്കിയത്. കേരളത്തിൽ അരിയുടെ ഉല്പാദനം വെറും 15 ശതമാനമാണ്. ബാക്കി 85 ശതമാനം എഫ്.സി.ഐ.-യിൽനിന്ന് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി വാങ്ങുകയാണ്. ഇത്തരമൊരു കൺസ്യൂമർ സ്റ്റേറ്റിന് ഇതിനപ്പുറത്ത് എന്താണ് ചെയ്യാൻ സാധിക്കുന്നത്? ബഹുമാനപ്പെട്ട അംഗവും സഭയും അറിയേണ്ടത്, കേരളത്തിൽ ഓണം പ്രമാണിച്ച് ഗവൺമെന്റ് വെള്ള, നീല നിറത്തിലെ റേഷൻകാർഡുടമകൾക്ക് (മുൻഗണനേതര വിഭാഗത്തിന്) 10 കിലോ അരി നൽകുന്നുണ്ട്. അതായത് 5 കിലോ പച്ചരിയും 5 കിലോ ചമ്പാവരിയും വിതരണം ചെയ്യുകയാണ്. അത് ഓണത്തിനുമുമ്പ് (സെപ്റ്റംബർ 7-നുമുമ്പ്) വാങ്ങുന്നതിനായി കഴിഞ്ഞ മാസം (ആഗസ്റ്റ്) മുതൽ

വിതരണം ചെയ്യുകയുണ്ടായി. അരിയുടെ വില വർദ്ധനവ് ജനങ്ങളെ ബാധിക്കാത്ത വിധത്തിൽ വിപണിയിൽ ഇത്രയധികം ഇടപെടൽ നടത്തുന്ന കാര്യം മറന്നുകൊണ്ട് ഈ സഭയിൽ ഇങ്ങനെയൊരു വിഷയം പരാമർശിച്ചത് ഖേദകരമാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, പൊതുവിതരണ സമ്പ്രദായം മാതൃകാപരമായിട്ടാണ് മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതുവരെയില്ലാത്ത രീതിയിൽ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന എല്ലാ കാര്യങ്ങളും പൊതുവിതരണ ഷോപ്പിലൂടെ ഇന്ന് ലഭിക്കുന്നുണ്ട്. എന്റെ ചോദ്യം, അനർഹരായിട്ടുള്ള ആളുകളെ ബി.പി.എൽ. ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിനും അർഹരായിട്ടുള്ളവരെ കൂട്ടിച്ചേർക്കുന്നതിനുമുള്ള സമയം നൽകിയിരുന്നു. പക്ഷേ അതെല്ലാംത്തന്നെ ഉണ്ടെങ്കിലും ബി.പി.എൽ. ലിസ്റ്റിലേയ്ക്ക് ഉൾപ്പെടേണ്ടുന്ന ധാരാളം ആളുകൾ ഇനിയും പുറത്തുനിൽക്കുകയാണ്. അവരെ കൂട്ടിച്ചേർക്കാൻ ഇനിയൊരു സമയം അനുവദിക്കുമോ, അതിനെന്തെങ്കിലും നിർദ്ദേശമുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാന്യയായ അംഗം സൂചിപ്പിച്ചത് വളരെ ഗൗരവമേറിയ വിഷയമാണ്. അനർഹരായിട്ടുള്ള നിരവധി ആളുകൾ

ബി.പി.എൽ. കാർഡ് കൈവശമാക്കിയിട്ടുണ്ട് എന്നത് വസ്തുതയാണ്. ഈ ഗവൺമെന്റ് ചുമതല ഏറ്റെടുത്തതിനുശേഷം 1,72,000 അനർഹർ ആ കാർഡ് ഉപേക്ഷിച്ച് ഗവൺമെന്റിന്റെ മുന്നിൽ സറണ്ടർ ചെയ്യുന്ന നിലപാട് സ്വീകരിച്ചു. അതുകൊണ്ട് 2,60,000-ത്തോളം കുടുംബങ്ങൾക്ക് ആ കാർഡ് മാറ്റി മുൻഗണനാ കാർഡ് കൊടുക്കാൻ കഴിഞ്ഞു. എല്ലാ നിയമനടപടികളും, ഫൈൻ ഈടാക്കുന്ന നടപടി റിലാക്സ് ചെയ്ത് കൊടുത്തുകൊണ്ടുള്ള പത്തുമാസക്കാലമാണ് നൽകിയത്. അതിൽ നന്നായി ജനങ്ങൾ സഹകരിച്ചു. ഇനിയും അത്തരം ആളുകൾ ഉണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. നിയമ നടപടികൾ സ്വീകരിച്ചുകൊണ്ട് അവരിൽനിന്ന് വിത്ഡ്രോ ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കും. മുൻഗണനാ വിഭാഗത്തിന് ആ കാർഡ് തുടർന്നും കൊടുക്കുമെന്നുള്ള കാര്യം ഈ സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. വിൻസെന്റ് ചോദിച്ച ഒരു പ്രധാനപ്പെട്ട കാര്യം, പൊതുവിപണിയിൽ വിലക്കയറ്റം കൂടുകയാണ്. അവിടെയാണ് സർക്കാരിന്റെ ഇടപെടൽ വേണ്ടത്. സർക്കാർ ഈ കൊടുക്കുന്നത് നല്ലകാര്യമാണ്. അല്ല എന്നല്ല ഞാൻ

പറയുന്നത്.

മി. സ്പീക്കർ: ചുരുക്കി ചോദിക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, പക്ഷേ പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുന്നില്ല. അതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. ഒരുപക്ഷേ കേരളത്തിലെ എല്ലാവരുംകൂടി ഈ പറയുന്ന സംവിധാനത്തിലേയ്ക്ക് പോയിക്കഴിഞ്ഞാൽ അവർക്കാവശ്യമായ സാധനം ലഭ്യമാകുമോ?

മി. സ്പീക്കർ: ചോദ്യം വന്നുകഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി....

ശ്രീ. അൻവർ സാദത്ത്: സർ, അതുപോലെതന്നെ നമ്മൾ ഓണക്കിറ്റ് കൊടുക്കുന്നുണ്ട്.....

മി. സ്പീക്കർ: അങ്ങ് പ്രസംഗിക്കരുത്.

ശ്രീ. അൻവർ സാദത്ത്: സർ, ഇല്ല. പ്രസംഗിക്കുകയല്ല. ഈ സർക്കാർ ഓണക്കിറ്റ് വിതരണം ചെയ്യുന്നുണ്ട്. ആ ഓണക്കിറ്റ് നമ്മുടെ കന്യാസ്ത്രീ സമൂഹത്തിന് ലഭ്യമാകുന്നില്ലെന്ന് കേട്ടു. അത് അവർക്കും കൊടുക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്; അതൊന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിനൊരു ഉറപ്പ് നൽകാൻ ബഹുമാനപ്പെട്ട

മന്ത്രിക്ക് സാധിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, കഴിഞ്ഞ സഭയിൽ വളരെ ഗൗരവമായി ചർച്ച ചെയ്ത ഒരു വിഷയമാണിത്. എന്നാൽ കേന്ദ്രഗവൺമെന്റ് ഇടയ്ക്കുവച്ച് നിർത്തിയ സാഹചര്യത്തിൽ കേരളത്തിലെ ഈ സർക്കാർ അതിന്റെ പൂർണ്ണ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് അന്നുമുതൽത്തന്നെ ഈ കിറ്റ് വിതരണം ചെയ്തു. ബഹുമാനപ്പെട്ട അംഗം അറിയേണ്ടത്, കേരളത്തിൽ സാമൂഹ്യ ക്ഷേമവകുപ്പ് അംഗീകരിച്ച 890 ക്ഷേമസ്ഥാപനങ്ങളുണ്ട്. അംഗീകൃതവും അല്ലാത്തതുമായ ഇത്തരം ക്ഷേമസ്ഥാപനങ്ങളിൽ 57000-ത്തോളം അന്തേവാസികളുണ്ട്. അവർക്ക് ഗോതമ്പും അരിയുംകൂടി പെർ ഹെഡ് 15 കിലോ ഗ്രാം കൊടുക്കുകയാണ്. അതിൽ അരി 10.5 കിലോയും ഗോതമ്പ് 4.5 കിലോയുമാണ്. ഒരു കിലോ അരിക്ക് 5.65 രൂപയും ഗോതമ്പിന് 4.15 രൂപയുമാണ്. ഈ സ്ഥാപനങ്ങൾക്കെല്ലാം ഇത്ര നോമിനൽ റേറ്റിന് ധാന്യങ്ങൾ കൊടുക്കുകയാണ്. തിരുവനന്തപുരത്തുള്ള ഒരു സ്ഥാപനത്തിന്റെ അപേക്ഷ ലഭിച്ചപ്പോൾ ഇന്നലെ ഞാനും ശ്രീ. കടകംപള്ളി സുരേന്ദ്രനുംകൂടി ആ സ്ഥാപനത്തിന് ധാന്യങ്ങൾ നൽകി. അവിടെ 196 അംഗങ്ങളാണുള്ളത്. ഈ ഗവൺമെന്റ് വളരെ ഉദാര സമീപനമാണ് സ്വീകരിക്കുന്നത്.

ഒരാളുപോലും പട്ടിണികിടക്കാനോ വിശന്നിരിക്കാനോ പാടില്ല. ഇത് ഗവൺമെന്റ് നയമല്ലേ? അതുകൊണ്ട് ഈ ക്ഷേമസ്ഥാപനങ്ങൾ, ബഹുമാനപ്പെട്ട അംഗം എറണാകുളം ജില്ലയിലെയും കോട്ടയം ജില്ലയിലെയുമെല്ലാം കന്യാസ്ത്രീമാങ്ങളടക്കമുള്ള സ്ഥാപനങ്ങൾ ഒന്നുകൂടി പരിശോധിക്കുക, അവിടെയെല്ലാം ഇത് സുതാര്യമായി വിതരണം ചെയ്യാം.

ശ്രീ. പി. ബാലചന്ദ്രൻ: സർ, വാതിൽപ്പടി വിതരണ രംഗത്ത് സ്വീകരിച്ചിട്ടുള്ള നൂതന പരിഷ്കാരങ്ങളെക്കുറിച്ച് വിശദമാക്കമോ; അതുപോലെത്തന്നെ സംസ്ഥാനത്ത് അരിയുടെ വില കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അപൂർവ്വം ചില അരിയുടെ വില കൂടുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അത് നമ്മളാരും നിഷേധിച്ചില്ലല്ലോ; ബഹുമാനപ്പെട്ട ഈ സഭ അറിയേണ്ടത്, മാർക്കറ്റിലെ ആപ്പിളിന്റെ വിലയും വലിയ മാളുകളിലെ ആപ്പിളിന്റ വിലയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അതുകൊണ്ട് പ്രത്യേകതരത്തിലുള്ള ചില ബ്രാന്റഡ് അരി, സാധാരണക്കാർ അവരുടെ

വീടുകളിൽ ഉപയോഗിക്കുന്ന അരിയുടെ കാര്യത്തെക്കുറിച്ചാണ് ഗൗരവമേറിയ ചർച്ചകൾ നടക്കുന്നത്. എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ സ്വാഭാവികമാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. പൊതുവിപണിയിൽ കരിഞ്ചന്തയോ പൂഴ്ത്തിവെയ്പ്പോ ഉണ്ടെങ്കിൽ അത് കണ്ടെത്തുന്നതിന് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഒന്നാംതീയതി മുതൽ ഏഴ് ദിവസംവരെ വളരെ വിപുലമായ സ്ക്വാഡുകൾ, കേരളത്തിലെ ലീഗൽ മെട്രോളജി വകുപ്പിന്റെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥർ യോജിച്ച് അവരുടെ കൂട്ടായ്മയോടുകൂടിയ സ്ക്വാഡുകളാണ് രൂപീകരിച്ചിട്ടുള്ളത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, 1956-ൽ അതിർത്തി വിഭജിച്ചപ്പോൾ എന്റെ മണ്ഡലത്തിലെ ചില റേഷൻ കടകൾ കർണ്ണാടകത്തിന്റെ ഒരറ്റത്തും കൺസ്യൂമേഴ്സ് കേരളത്തിലുമാണുള്ളത്. അതിർത്തി അടച്ചപ്പോൾ അരിയും മറ്റ് സാധനങ്ങളും വാങ്ങാൻ പോകാൻ സാധിക്കാത്തൊരു അവസ്ഥ ഉണ്ടായിരുന്നു. അത് പത്രങ്ങളിലൊക്കെ വാർത്തയായതാണ്. അത്തരത്തിലുള്ള ഘട്ടങ്ങൾ ഇടയ്ക്കിടയ്ക്ക് വരാറുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകൾ

അനുവദിച്ച് അവരെ രക്ഷപ്പെടുത്തുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ഗൗരവമായി പരിശോധിക്കുന്നതാണ്.

**രാഷ്ട്രീയ ഗൂഢാലോചന കേസ്സിൽ അന്വേഷണം**

(*152) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്തിനുള്ളിൽ മുഖ്യമന്ത്രിയ്ക്കെതിരെ പ്രതിഷേധിച്ചത് സംബന്ധിച്ച കേസ്സിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ നേതാക്കൾ ഗൂഢാലോചനയിൽ പങ്കെടുത്തതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോ; എങ്കിൽ അപ്രകാരം കണ്ടെത്തിയവരുടെ പേര് വെളിപ്പെടുത്താമോ;

(ബി) കാക്കനാട് വച്ച് മുഖ്യമന്ത്രിയുടെ വാഹനം തകർക്കാൻ ശ്രമം നടത്തിയ കേസ്സിൽ പിടിയിലായ ആളിന്റെ പേരും രാഷ്ട്രീയബന്ധവും അറിയിക്കാമോ; പ്രസ്തുത വ്യക്തി മുൻപ് പ്രതിയായിട്ടുള്ള കേസ്സുകളുടെ

സ്വഭാവം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) എൽ.ഡി.എഫ്. കൺവീനറെ വധിക്കാൻ തൈക്കാട് ഗസ്റ്റ് ഹൗസിൽ ഗൂഢാലോചന നടത്തിയതായി പറയപ്പെടുന്ന കേസ്സിലെ പ്രതികൾ ആരൊക്കെയാണ്; ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന പ്രസ്തുത കേസ്സിന്റെ വിചാരണ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കണ്ടെത്തിയിട്ടുണ്ട്. വിമാനത്തിൽ വച്ച് മുഖ്യമന്ത്രിയെ ആക്രമിക്കാൻ ശ്രമിച്ച സംഭവത്തിൽ സുരക്ഷാ ഉദ്യോഗസ്ഥനായ എസ്. അനിൽ കുമാർ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി 120B, 332, 307, 34 വകുപ്പുകൾ പ്രകാരവും എയർക്രാഫ്റ്റ് ആക്ട്, വ്യോമയാന സുരക്ഷാ നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരികയാണ്. കേസിലെ ഗൂഢാലോചനയിൽ രാഷ്ട്രീയ പാർട്ടി നേതാക്കളുടെ പങ്കാളിത്തം പോലീസ് കണ്ടെത്തിയിട്ടുണ്ട്. ഒന്നും മൂന്നും പ്രതികളായ ഫർസീൻ മജീദ്, സുനിത്ത് നാരായണൻ എന്നിവർ യഥാക്രമം യൂത്ത് കോൺഗ്രസ് മട്ടന്നൂർ

മണ്ഡലം പ്രസിഡന്റും ജനറൽ സെക്രട്ടറിയുമാണ്. രണ്ടാം പ്രതി നവീൻകുമാർ കണ്ണൂർ ജില്ലാ സെക്രട്ടറിയും നാലാം പ്രതി കെ. എസ്. ശബരീനാഥൻ സംസ്ഥാന വൈസ് പ്രസിഡന്റുമാണ്.

(ബി) മുഖ്യമന്ത്രിയുടെ വാഹനം കാക്കനാട് ഭാഗത്ത് വച്ച് തടയുവാൻ ശ്രമം നടത്തിയ സംഭവത്തിൽ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ IPC 353, 332, 333, 283, 308 വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത ക്രൈം നം.665/2022 കേസിലെ പ്രതിയായ സോണി ജോർജ്ജ് കോൺഗ്രസ്സ് പ്രവർത്തകനാണ്. ഈ കേസിനുപുറമേ പതിനൊന്ന് ക്രിമിനൽ കേസുകളിൽ കൂടി പ്രതിയാണ്. പ്രസ്തുത കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ശ്രീ. ഇ.പി.ജയരാജനെ വധിക്കാൻ തൈക്കാട് ഗസ്റ്റ് ഹൗസിൽ ഗൂഢാലോചന നടത്തിയതുമായി ബന്ധപ്പെട്ട് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ IPC 120(B), 307 & 34 വകുപ്പുകൾ പ്രകാരം ക്രൈം നം. 148/97 ആയി രജിസ്റ്റർ ചെയ്ത കേസിൽ അഞ്ചുപേരാണ് പ്രതിപ്പട്ടികയിൽ ഉണ്ടായിരുന്നത്. കേസ് വിചാരണയിലിരിക്കവെ രണ്ടും നാലും പ്രതികൾ മരണപ്പെട്ടു. ഒന്നാം പ്രതി കെ. സുധാകരൻ, മൂന്നാം പ്രതി ടി. പി രാജീവൻ

---

\+ ഉത്തരത്തിന്റെ ബാക്കി ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.

അഞ്ചാം പ്രതി പി. കെ ദിനേശൻ എന്നിവരാണ് നിലവിൽ വിചാരണ നേരിടുന്നത്. ഈ കേസിന്റെ വിചാരണ നടപടികൾ ബഹുമാനപ്പെട്ട കേരള കേരളഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങയുടെ റൂളിംഗിന് വിരുദ്ധമായ ഈ ചോദ്യം നക്ഷത്രചിഹ്നമിട്ട ചോദ്യമായി സഭയിൽ വന്നതുകൊണ്ട് ഞങ്ങളാരും ഉപചോദ്യങ്ങൾ ചോദിക്കുന്നില്ല, ഞങ്ങൾ ഈ ചോദ്യം ബഹിഷ്കരിക്കുകയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത തരത്തിലാണ് മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ വച്ച് അതിക്രമം നടത്തിയത്. 'ഞങ്ങളിതൊക്കെ ചെയ്യും, നിങ്ങളാരും ചോദിക്കരുത്' എന്നുപറഞ്ഞാൽ എങ്ങനെ അംഗീകരിക്കാൻ കഴിയും? ഈ അക്രമത്തെ ന്യായീകരിച്ചുകൊണ്ടാണ് കെ.പി.സി.സി. അദ്ധ്യക്ഷനടക്കം സംസാരിക്കാൻ തയ്യാറായത്. ഈ അതിക്രമത്തിന്റെയും ശ്രീ. ഇ. പി. ജയരാജനെ വധിക്കാനുള്ള ഗൂഢാലോചനയ്ക്ക് പിന്നിലും ശ്രീ. കെ. സുധാകരനാണെന്ന് ആരെങ്കിലും വെളിപ്പെടുത്തിയിട്ടുണ്ടോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. കെ. സുധാകരന്റെ മുൻ ഡ്രൈവറും കോൺഗ്രസ്സ് നേതാവുമായ പ്രശാന്ത് ബാബു എന്നയാൾ ഈ ഗൂഢാലോചനയ്ക്കുപിന്നിൽ ശ്രീ. കെ. സുധാകരനാണെന്ന് വെളിപ്പെടുത്തിയിരുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ശ്രീ. ഇ. പി. ജയരാജൻ വധശ്രമ കേസ്സിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ; ആ പ്രതി വേറെ ഏതെങ്കിലും കൊലപാതക കേസ്സിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളാണോ?

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. ഇ. പി. ജയരാജനെ ട്രെയിൻ യാത്രയ്ക്കിടെ വധിക്കാൻ ശ്രമിച്ച കേസ്സിലെ രണ്ടാം പ്രതി കൂത്തുപറമ്പിലെ പേട്ട ദിനേശനാണ്. ഇദ്ദേഹത്തെ പത്തൊമ്പത് വർഷം കഠിന തടവിന് ശിക്ഷിച്ചിട്ടുണ്ട്. എസ്.എഫ്.ഐ. നേതാവ് കെ. വി. സുധീഷിനെ വധിച്ച കേസ്സിലും ഈ പ്രതി ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപായപ്പെടുത്താൻ ഉന്നത കേന്ദ്രങ്ങളിൽ ഗൂഢാലോചന നടക്കുന്നുവെന്നതിന് തെളിവാണ് വിമാനത്തിൽ വച്ചുണ്ടായ സംഭവം. ഇത്തരം സംഭവങ്ങൾ ഗൗരവമായി എടുക്കേണ്ടതും പ്രതികളെ മുഴുവൻ

പിടികൂടുകയും വേണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സംഭവത്തെ ന്യായീകരിച്ചത് അത്യന്തം അപലപനീയമാണ്. സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്? കഴിഞ്ഞ മാസം മഞ്ചേശ്വരം പൈവളികയിൽ ക്വട്ടേഷൻ സംഘം ഒരു യുവാവിനെ കെട്ടിയിട്ട് മർദ്ദിച്ച് കൊലപ്പെടുത്തിയ സംഘത്തിലെ പ്രതികളിൽ പലരും വിദേശത്തേയ്ക്ക് കടന്നിരിക്കുകയാണ്. അവരെ അവിടെനിന്നും തിരികെ കൊണ്ടുവന്ന് നിയമത്തിന് മുന്നിലെത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, മഞ്ചേശ്വരം ഭാഗത്ത് ഒരു പ്രത്യേക സാഹചര്യം രൂപപ്പെട്ടുവരുന്നുണ്ട്. അതിൽ ചില സംഭവങ്ങളിൽ തൊട്ടടുത്ത സംസ്ഥാനത്തുനിന്നുള്ളവരടക്കം പങ്കാളികളാകുന്നുണ്ട്. ഇവിടെയുള്ളവർ അടുത്ത സംസ്ഥാനത്തിലേയ്ക്ക് രക്ഷപ്പെടുന്ന അവസ്ഥയും വരുന്നുണ്ട്. ചെറിയ തോതിലുള്ള ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമായി കാസർഗോഡിലെ ചില ഭാഗങ്ങളെ മാറ്റാൻ ചിലർ ബോധപൂർവ്വം ശ്രമിക്കുകയാണ്. അത്തരം കാര്യങ്ങൾക്കെതിരെ സജീവമായ ഇടപെടൽ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനായി പോലീസ് ജാഗ്രതയോടെ

നീങ്ങിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകമായ സംവിധാനങ്ങൾ അതിനായി ഒരുക്കിയിട്ടുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, നിരന്തരമായി മുഖ്യമന്ത്രിയെ വേട്ടയാടുന്ന നിലയിലുള്ള നീക്കമാണ് കേന്ദ്ര അന്വേഷണ ഏജൻസികളും പ്രതിപക്ഷവും മാധ്യമങ്ങളും സംസ്ഥാനത്ത് നടത്തിവരുന്നത്. അതോടൊപ്പമാണ് ബി.ജെ.പി.ക്കാർ ഏറ്റെടുത്ത ഒരു സ്വർണ്ണ കള്ളക്കടത്തുകാരി മാധ്യമങ്ങളെയും എൽ.ഡി.എഫ്. വിരുദ്ധ രാഷ്ട്രീയക്കാരെയും ഉപയോഗപ്പെടുത്തി നടത്തിവന്നിട്ടുള്ള അപവാദ കഥാപരമ്പരകൾ. അടിസ്ഥാനരഹിതമായ ഈ ആരോപണങ്ങൾ മുൻനിർത്തി യു.ഡി.എഫ്.-ഉം ബി.ജെ.പി.യും നടത്തിയിട്ടുള്ള കലാപശ്രമങ്ങളുടെ വിശദാംശങ്ങളും അതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നതും തുടർനടപടിയെ സംബന്ധിച്ചും വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യത്തിൽ പ്രത്യേക ചോദ്യം വേണം, ഇതിന്റെ ഭാഗമായി പറയാൻ കഴിയുന്നതല്ല.

ശ്രീ. പി. മമ്മിക്കുട്ടി: സർ, സംസ്ഥാനത്ത് കേരള പോലീസിന്റെ

സാങ്കേതികശേഷി ഉയർത്തി പ്രവർത്തനം കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമാക്കിത്തീർക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, പോലീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ നീക്കുന്നതിനുള്ള നിരന്തരമായ ആലോചനകൾ, അതുമായി ബന്ധപ്പെട്ട ചർച്ചകൾ, ശക്തമായ നടപടികൾ സ്വീകരിക്കൽ ഇതെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അതിന്റെഭാഗമായി ഏത് കുറ്റകൃത്യം നടന്നാലും ആ കുറ്റകൃത്യത്തിൽ ഉൾപ്പെട്ട പ്രതികളെ വേഗം പിടികൂടുന്നതിനും പോലീസിന് കഴിയുന്നുണ്ട്. അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## മാലിന്യ സംസ്കരണ നിയമാവലി

(*153) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വം ഉറപ്പാക്കുന്നതിനായി മാലിന്യ സംസ്കരണ നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പൊതുയിടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) വിവിധ സർക്കാർ ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം ആർക്കാണെന്നറിയിക്കുമോ;

(ഡി) മാലിന്യ സംസ്കരണ നിയമാവലി കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ,

(എ) ഉണ്ട്.

(ബി) ശുചിത്വവുമായി ബന്ധപ്പെട്ട അവബോധം ജനങ്ങളിൽ ഉണർത്തുന്നതിനായി ശുചിത്വമിഷന്റെ സേവനം ഉപയോഗപ്പെടുത്തുകയും അപ്രകാരം നടപടികൾ ആവിഷ്കരിക്കുകയും ചെയ്തുവരുന്നു. പ്രാഥമികമായി ജനങ്ങളെ മാലിന്യം തരംതിരിക്കുന്നതിന് പഠിപ്പിക്കുകയും മാലിന്യത്തെ

അഴുകുന്നവയും അഴുകാത്തവയുമായി വേർതിരിപ്പിച്ച് അഴുകുന്ന മാലിന്യത്തെ അവരവരുടെ ഉത്തരവാദിത്വത്തിൽ സംസ്കരിപ്പിക്കുന്നതിനുള്ള ഉപാധികൾ ഉപയോഗപ്പെടുത്തുന്നതിനും അഴുകാത്ത അജൈവ മാലിന്യം ഹരിതകർമ്മ സേന വഴി ഡോർ ടു ഡോർ കളക്ഷൻ സംവിധാനത്തിലൂടെ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ മേൽനോട്ടത്തിനായി ഹരിത മിത്രം - സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് നിലവിൽവന്നിട്ടുണ്ട്. ഓരോ സ്ഥലത്തുനിന്നും ശേഖരിച്ച മാലിന്യങ്ങളുടെ അളവും അവ സംസ്കരിച്ചതിന്റെ കണക്കുകളും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട സംസ്ഥാന ജില്ലാതല സംവിധാനങ്ങൾക്കും ഇതിലൂടെ മനസിലാക്കാൻ സാധിക്കുന്നതാണ്.

30.07.2022-ലെ GO(Ms) No.168/2022/LSGD നമ്പർ സർക്കാർ ഉത്തരവുപ്രകാരം കെട്ടിട നിർമ്മാണം പൊളിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള 'തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി' 04.01.2021-ലെ സ.ഉ.

(ആർ.ടി) നം.18/2021/തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

പൊതുയിടങ്ങളിലെ ശുചിത്വം ഉറപ്പാക്കാൻ ദൃശ്യ ശ്രാവ്യ വാർത്താ മാധ്യമങ്ങൾ വഴി ബോധവൽക്കരണ പരസ്യങ്ങൾ, മാലിന്യം വലിച്ചെറിയുന്നതിനെതിരെ പരസ്യ ബോർഡുകൾ, മാലിന്യം പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നവർക്കെതിരെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വിവിധ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കൽ, CCTV ക്യാമറകൾ സ്ഥാപിച്ച് പൊതുയിടങ്ങളിൽ ശുചിത്വം ഉറപ്പാക്കൽ എന്നീ നടപടികൾ ഉദ്ദേശിക്കുന്നു.

കൂടാതെ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കിയതുപോലെ മെക്കനൈസ്ഡ് സ്വീപ്പിംഗ് മെഷീൻ ആവശ്യാനുസരണം വ്യാപിപ്പിക്കുന്നതിനും കമ്മ്യൂണിറ്റി തലത്തിൽ എയ്റോബിക് ബിന്നുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലാശയങ്ങളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം

എത്തുന്നത് ഒഴിവാക്കി ആയതിലൂടെ ജലശുചിത്വ സുസ്ഥിരത ഉറപ്പാക്കുന്നതിനും 'തെളിനീരൊഴുകും നവകേരളം' (ക്ലീൻ അക്വഫർ) എന്ന പേരിൽ ക്യാമ്പയിനും ആരംഭിച്ചിട്ടുണ്ട്.

15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 28.05.2022-ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗര സഭകളുടെയും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതുസംബന്ധിച്ച മാർഗ്ഗ രേഖയിൽ ഖര ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) വിവിധ സർക്കാർ ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ആ ഓഫീസിലെ ജീവനക്കാർക്ക് തന്നെയാണ്. ഓഫീസുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആയത് കൃത്യമായി ചെയ്ത് ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അതത് ഓഫീസ് മേലധികാരികളാണ്.

(ഡി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഖരമാലിന്യ പരിപാലന ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചും മാലിന്യ സംസ്കരണ പദ്ധതികൾ നഗരസഭകളിൽ നടപ്പിലാക്കിവരുന്നുണ്ട്. 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഉപനിയമാവലി തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനായി മാതൃക ഉപനിയമാവലി 19.04.2022-ലെ സ.ഉ.(കൈ) നം.85/2022/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൗൾട്രി സ്റ്റാളുകൾക്കും പൗൾട്രി വേസ്റ്റ് റെന്ററിംഗ് പ്ലാന്റുകൾക്കും ലൈസൻസ് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 07.10.2021-ലെ ജി.ഒ.(എം.എസ്.) നം.227/2021/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ,

ഗ്രാമവികസന കമ്മീഷണർ, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പ്രതിമാസ അവലോകന യോഗങ്ങൾ നടത്തിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകുന്നതിന്റെ ഭാഗമായി നടത്തിവരുന്ന പ്രതിമാസ അവലോകന യോഗങ്ങളിലും മാലിന്യ സംസ്കരണ പദ്ധതികൾ അവലോകനം ചെയ്യുന്ന യോഗങ്ങളിലും മാലിന്യ സംസ്കരണ നിയമാവലി സംബന്ധിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമഗ്ര പഠനം നടത്തുകയും സർക്കാർ നിർദ്ദേശപ്രകാരമുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അപ്രകാരം പ്രവർത്തിച്ചുവരികയും ചെയ്തുവരുന്നു. ഹരിത കർമ്മസേന തരംതിരിച്ച് വച്ചിരിക്കുന്ന അജൈവ മാലിന്യം ശേഖരിച്ച് കൈമാറുന്നതുമൂലം മാലിന്യം കെട്ടിക്കിടക്കുന്നതിനുള്ള അവസരം ഉണ്ടാകുന്നില്ല. തുടർച്ചയായുള്ള പരിശോധനയിലൂടെ ചട്ടലംഘനം നടത്തുന്നവർക്ക് പിഴ ഈടാക്കുന്നത്

ഉൾപ്പെടെയുള്ള ശിക്ഷകളും ചുമത്തുന്നു.

സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് മുഖേന പൊതുജനങ്ങൾക്കും മാലിന്യം അലക്ഷ്യമായി നിക്ഷേപിക്കുന്നത് സംബന്ധിച്ച പരാതികൾ സമർപ്പിക്കാവുന്നതും ഇത്തരത്തിലുള്ള പരാതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട സംസ്ഥാന, ജില്ലാതല സംവിധാനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതും പരിഹാരം ഉണ്ടാക്കുന്നതുമാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, മാലിന്യപ്രശ്നം കേരളത്തെ വളരെ ഗുരുതരമായി അലട്ടിക്കൊണ്ടിരിക്കുകയാണ്. ഏതെല്ലാം തരത്തിലുള്ള മാലിന്യ സംസ്കരണ നിയമാവലികൾ കൊണ്ടുവരുമ്പോഴും അതെല്ലാം കാറ്റിൽ പറത്തുന്ന തരത്തിലാണ് മാലിന്യത്തോടുള്ള പല ആളുകളുടെയും ആഭിമുഖ്യവും അതിനോടുള്ള മനോഭാവവും. ആ മനോഭാവത്തോടൊപ്പംതന്നെ മാലിന്യവും ഒരു ഗുരുതരപ്രശ്നമായി നിൽക്കുകയാണ്. അതിന് പൂർണ്ണമായും പരിഹാരമുണ്ടാക്കാൻ ഏതു തരത്തിലാണ് ആലോചിക്കേണ്ടതെന്നത് ഗൗരവമുള്ളൊരു കാര്യമാണ്. കേരളത്തിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ഹരിതകർമ്മസേനയെ ഉപയോഗിച്ച് പ്ലാസ്റ്റിക് വേസ്റ്റുകൾ ശേഖരിച്ച് എം.സി.എഫ്.-ൽ വേർതിരിച്ച് കയറ്റി അയയ്ക്കുന്നുണ്ട്; പഞ്ചായത്തുകൾക്ക് യൂസർ ഫീസ് മാത്രമുപയോഗിച്ച് ഇത് നിർവ്വഹിക്കാൻ കഴിയുന്നുണ്ടോയെന്ന ചോദ്യമാണ് എനിക്കുന്നയിക്കാനുള്ളത്?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, വളരെ പ്രസക്തമായ ചോദ്യം തന്നെയാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണത്തിനാവശ്യമായ നിയമാവലിയും ഉപനിയമാവലിയുമെല്ലാം ഉണ്ടാക്കിയാലും ജനങ്ങളുടെ മനോഭാവത്തിൽ മാറ്റംവരുത്താതെ ഫലപ്രദമായും പ്രായോഗികമായും ഇത് നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്നുള്ളത് ശരിയാണ്. ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ഫലപ്രദമായ രീതിയിലുള്ള ക്യാമ്പയിൻ ജനങ്ങളിലെത്തിക്കണം. വ്യക്തിശുചിത്വത്തിൽ ലോകത്തിലെ പ്രധാനപ്പെട്ട ജനതയാണ് കേരളത്തിലുള്ളതെന്നതാണ് സംസ്ഥാനത്തിന്റെ പ്രത്യേകത. പക്ഷേ, സാമൂഹിക ശുചിത്വത്തിന്റെ പ്രശ്നം വരുമ്പോൾ വലിയ വീഴ്ചയാണ് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിനെല്ലാമെതിരായി നല്ല രീതിയിലുള്ള ക്യാമ്പയിനും പ്രവർത്തനങ്ങളും എല്ലാ മേഖലയിലും

നടത്തണമെന്നതന്നെയാണുദ്ദേശിക്കുന്നത്. ഈ മേഖലയിലെ ശുചിത്വത്തിന്റെ പ്രധാനപ്പെട്ട സൈന്യമായാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെ നാം കാണുന്നത്. അവർ കൃത്യമായി അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും അത് എത്തിക്കേണ്ട സ്ഥലത്ത് എത്തിക്കുകയും ചെയ്യുന്നു. എന്നാൽ ആയതിന് അവർക്ക് വീടുകളിൽനിന്നും ലഭിക്കേണ്ടുന്ന അല്ലെങ്കിൽ നിശ്ചയിച്ചിട്ടുള്ള തുക കൃത്യമായി ലഭിച്ചാൽപോലും വളരെ ചുരുക്കമായ തുക മാത്രമാണ് പ്രതിമാസം ലഭിക്കുന്നത്. ഒരു കുടുംബത്തിന് ജീവിക്കാനാവശ്യമായ കുറഞ്ഞ വരുമാനം വീടുകളിൽനിന്നും ശേഖരിക്കുന്ന സംഖ്യയിൽനിന്നും ലഭിക്കുന്നില്ലെങ്കിൽ എത്രയാണോ അതിനാവശ്യമായി വരുന്നത് അത്രയും സംഖ്യ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്ക് നൽകണമെന്ന കൃത്യമായ ഒരു തീരുമാനത്തിലേയ്ക്കിപ്പോൾ സർക്കാർ എത്തിയിട്ടുള്ളതിനാൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് മാന്യമായി ജീവിച്ചുപോകാനുള്ള തുക ലഭിക്കും. അവരാണ് ശുചിത്വ കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മുന്നണിപ്പോരാളികളെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഏറ്റവും ഗുരുതരമായൊരു പ്രശ്നം അറവു മാലിന്യവുമായി ബന്ധപ്പെട്ടാണ്. അത് സംസ്കരിക്കാനും ശേഖരിക്കാനും വിപുലമായ തലത്തിലുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. അത്തരത്തിൽ കേരളത്തിൽ ഏതെങ്കിലും സംവിധാനങ്ങളുണ്ടോ; അത് ജില്ലാതലത്തിൽ കൂടുതൽ ശക്തിപ്പെടുത്താനുള്ള ആലോചനയുണ്ടോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, പ്രധാനപ്പെട്ട അറവുമാലിന്യപ്രശ്നം കോഴിമാലിന്യവുമായി ബന്ധപ്പെട്ടതായിരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും അതിനാവശ്യമായ സംസ്കരണ സംവിധാനം വളരെ ഫലപ്രദമായി രൂപപ്പെട്ടുകഴിഞ്ഞു. വളരെ നല്ല നിലയിൽ തന്നെയാണ് അത് മുന്നോട്ടുപോകുന്നത്. അറവുമാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നാണിത് സൂചിപ്പിക്കുന്നത്. ഈ രീതിയിൽ കാര്യങ്ങൾ നന്നായി കൈകാര്യംചെയ്ത് മുന്നോട്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളിനഗര തൊഴിലുറപ്പ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവ-അജൈവ മാലിന്യശേഖരണ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് ഒരു ക്യാമ്പയിൻ സമീപനരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടല്ലോ; അതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗമുന്നയിച്ച, തൊഴിലുറപ്പുൾപ്പെടെയുള്ള സംവിധാനത്തെ ഉപയോഗപ്പെടുത്തി കേരളത്തിലെ എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഒരോ ഊരുകളിലും പോയി അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന ഇപ്പോൾ ശേഖരിച്ചുവരുന്നുണ്ട്. സംസ്കരണവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ള മേഖലയെ രൂപപ്പെടുത്തി ഫലപ്രദമായി കേരളത്തിന്റെ ഈ ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതിന് ഒരുപടി മുന്നോട്ടുപോകാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, കേരളത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിവരുന്നതായി കാണുന്നുണ്ടെങ്കിലും പലപ്പോഴും അത് പരാജയപ്പെടുകയാണ്. അതിനുപകരമായി സംസ്ഥാനതലത്തിലോ ജില്ലാ തലത്തിലോ ഒരു പൊതുവായ പ്രോജക്ട് നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാരിന് ആലോചിക്കാമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, വളരെ ശരിയായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി മുൻകയ്യെടുത്ത് കേരളത്തിലെ ഉറവിട മാലിന്യ സംസ്കരണ സമഗ്ര പദ്ധതി വളരെ ഫലപ്രദമായി നടപ്പിലാക്കേണ്ടതാണെന്ന ഗവൺമെന്റിന്റെ തീരുമാനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാലിന്യപ്രശ്നം അഭിമുഖീകരിക്കുന്നത് വൻനഗരങ്ങളുൾപ്പെടെയുള്ള നഗരപ്രദേശങ്ങളിലാണ്. ഗ്രാമപ്രദേശങ്ങളിലും പഞ്ചായത്തുകളിലുമൊക്കെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഉറവിട മാലിന്യസംസ്കരണം ഫലപ്രദമായി കൈകാര്യം ചെയ്ത് മുന്നോട്ടുപോകാൻ കഴിയും. ഇത് വളരെയേറെ ശ്രദ്ധേയമായ രീതിയിലുള്ള കേന്ദ്രീകൃത

പദ്ധതികളാണ്. അതിൽ ദ്രവ-മാലിന്യസംസ്കരണമായാലും ഖരമാലിന്യ സംസ്കരണമായാലും രണ്ടിനും ജനങ്ങളുടെ ബോധനിലവാരത്തിന് മാറ്റംവരുത്താതെ അത്തരത്തിലുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാനോ ആ കേന്ദ്രങ്ങളെ ശാസ്ത്രീയമായി മുന്നോട്ട് കൊണ്ടുപോകാനോ സാധിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ജനങ്ങളുടെ ബോധനിലവാരത്തിൽ മാറ്റം വരുത്തി കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ശുചിത്വ മാലിന്യപ്രവർത്തനം കേരളത്തിൽ അത്യന്താപേക്ഷിതമായി സംഘടിപ്പിച്ച് മുന്നോട്ടുപോകുന്നതിനുള്ള വളരെ ശ്രദ്ധാപൂർവ്വമായ പ്രവർത്തനമാണ് ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുള്ളത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ദൈവത്തിന്റെ സ്വന്തം നാടെന്ന് കേളികേട്ട കേരളം ഇന്നാകെ മലിനപ്പെട്ടുകിടക്കുകയാണെന്ന് എല്ലാവർക്കും അറിയാമല്ലോ; നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്ന ഒരു സാഹചര്യമാണുള്ളത്. കേരളത്തിന്റെ രക്തധമനികളെന്ന് വിശേഷിപ്പിക്കുന്ന നദി, പുഴ, തോട് എന്നിവിടങ്ങളിൽ മലിനവസ്തുക്കൾ കേന്ദ്രീകരിച്ചുകിടക്കുന്ന ഒരു സാഹചര്യം ഇന്നുണ്ട്. ഇവയെ ശുദ്ധീകരിക്കാൻ മാനവശേഷിയും സാങ്കേതിക വൈദഗ്ദ്ധ്യവും

ഉപയോഗപ്പെടുത്തി സർക്കാർ ഒരു ജനകീയ പ്രസ്ഥാനത്തിന് നിശ്ചിതസമയം നിശ്ചയിച്ചുകൊണ്ട് ശുദ്ധീകരണ കേരളം കൊണ്ടുവരാനുള്ള പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുമോ; അതുപോലെതന്നെ ഇത്തരത്തിലുള്ള മാലിന്യങ്ങളിൽ മദ്യക്കുപ്പികളും മറ്റുമാണ് അധികമായി കാണുന്നത്. ഇതു തടയാൻ പ്രത്യേകമായ രീതിയിൽ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതും നിർദ്ദേശിച്ചതുമായ കാര്യങ്ങൾ ഗൗരവമുള്ളതാണ്. അദ്ദേഹം നിർദ്ദേശിച്ച കാര്യം ആദ്യമേ ഞാനംഗീകരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ലഹരിവിരുദ്ധ ക്യാമ്പയിന്റെ കാര്യമിവിടെ ചൂണ്ടിക്കാണിച്ചു. അതുപോലെ, ശുചിത്വകേരളത്തിനുവേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗം ജനങ്ങളെയും വിളിച്ചുചേർത്തുകൊണ്ടുള്ള വഴിയോര ക്യാമ്പയിൻ നടത്തേണ്ടതുണ്ട്. ദൈവത്തിന്റെ സ്വന്തം നാടെന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന കേരളത്തെ ലോകത്ത് കാണേണ്ടിയിരിക്കുന്ന 50 സ്ഥലങ്ങളിലൊന്നാണെന്നാണ് ഇപ്പോൾ ടൈം മാഗസിന്റെ ഭാഗമായി

ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള എല്ലാ മേഖലയും ലോകത്തെ ജനങ്ങൾ കാണേണ്ടുന്ന സ്ഥലമായാണ് കണക്കാക്കിയിട്ടുള്ളത്. സമ്പൂർണ്ണമായ അർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയുന്ന അതിമനോഹരമായ നാടിനെ ശുചിത്വപൂർണ്ണമായ ഒരു കേരളമാക്കി രൂപപ്പെടുത്തുന്നതിനുവേണ്ട പ്രവർത്തനം നമുക്കെല്ലാവർക്കും ചേർന്ന് നടത്താൻ സാധിക്കേണ്ടതുണ്ട്. അതിന് നദിയും പുഴയുമുൾപ്പെടെയുള്ള എല്ലാം നേരത്തെ ചൂണ്ടിക്കാണിച്ചു. "തെളിനീരൊഴുകും നവകേരളം" എന്ന ക്യാമ്പയിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുമുൾപ്പെടെയെല്ലാം ചേർന്ന് വളരെയേറെ ശ്രദ്ധേയമായ ഒരു പ്രവർത്തനം കാഴ്ചവച്ചതുകൊണ്ടാണ് ഇത്തവണ നല്ലപോലെ മഴപെയ്തിട്ടും കുട്ടനാടുൾപ്പെടെയുള്ള പല പ്രദേശങ്ങളും വെള്ളപ്പൊക്കമുൾപ്പെടെയുള്ള കാര്യങ്ങളിൽ നിന്നും രക്ഷപ്പെട്ടിട്ടുള്ളത്. തുടർന്നും നമുക്കത് മുന്നോട്ടുകൊണ്ടുപോകേണ്ടതിന് ജനങ്ങളുടെ പരിപൂർണ്ണമായ പിന്തുണയും കക്ഷിരാഷ്ട്രീയത്തിനതീതമായ യോജിപ്പും രൂപപ്പെടുത്താൻ സാധിക്കേണ്ടതുണ്ട്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്നതാണ് നിയമം. ഖരദ്രവ മാലിന്യങ്ങൾ സംസ്കരിക്കണമെന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. കോഴിക്കോട് കോർപ്പറേഷൻ ദ്രവ മാലിന്യ സംസ്കരണത്തിനായി 140 കോടി രൂപ ചെലവഴിച്ചാണ് രണ്ട് പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആവിക്കൽ തോട് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വലിയ സമരം നടക്കുകയാണ്. അവിടെ മാലിന്യ സംസ്കരണ പ്ലാന്റ് വേണമെന്നും കേരളത്തെ മാലിന്യമുക്തമാക്കണമെന്നും പറയുന്ന യു.ഡി.എഫ്. അവിടെ പോയി ആ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിരിക്കുകയാണ്. അവിടെയുള്ള ആളുകളുടെ കക്കൂസ് മാലിന്യങ്ങളും മറ്റ് മലിനജലവും സംസ്കരിക്കാനുള്ള ഏറ്റവും ആധുനികമായിട്ടുള്ള പ്ലാന്റാണ് സ്ഥാപിക്കുന്നത്. അതിനെതിരെയാണ് സമരം നടക്കുന്നത്. അവിടെയുള്ള ആളുകളെ ഇക്കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താതെ സമരത്തിനനുകൂലമായി പിന്തുണ പ്രഖ്യാപിച്ചുകൊണ്ടാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. ഒരു കാരണവശാലും നമുക്കിത് അനുവദിക്കാൻ കഴിയില്ല. അവിടെയുള്ള ആളുകളുടെ മാലിന്യം

അവിടെ സംസ്കരിക്കാൻ പാടില്ല, മറ്റെവിടെയെങ്കിലും കൊണ്ടുപോകണമെന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയമെന്താണ്; ഗവൺമെന്റ് എന്ത് നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വളരെ ശരിയായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന കേരളത്തിന്റെ പൊതുവായ ക്യാമ്പയിൻ പൊതുവേ നല്ല നിലയിൽ സ്വീകാര്യമായിട്ടുണ്ട്. കോഴിക്കോട് ആവിക്കൽ തോടുമായി ബന്ധപ്പെട്ട് രണ്ട് പ്ലാന്റിനെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. അമൃത് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഏതാണ്ട് 140 കോടി രൂപ ചെലവഴിച്ച് ഏറ്റവും ആധുനികമായ ഒരു സ്വീവേജ് പ്ലാന്റാണ് അവിടെ പ്ലാൻ ചെയ്തിരുന്നത്. പക്ഷെ, അത് അവിടെ പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ പാർട്ടിയുടെ യോഗം വിളിച്ചുചേർത്തപ്പോൾ എല്ലാവർക്കും അതിനോട് യോജിപ്പാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും യോജിച്ചുകൊണ്ടാണ് ആ പ്ലാന്റ് വേണമെന്ന് ചൂണ്ടിക്കാണിച്ചത്. പക്ഷെ,

അത് പ്രാവർത്തികമാക്കുന്നതിൽ അവിടെയുള്ള സ്ഥിരവാസികളുൾപ്പെടെയുള്ള ആളുകൾ ചേർന്ന് ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അങ്ങനെ എതിർപ്പ് പ്രകടിപ്പിച്ചപ്പോൾ പ്രതിപക്ഷനേതാവ്, ഡോ. എം. കെ. മുനീർ എന്നിവർ ഉൾപ്പെടെയുള്ളവരോടും സംസാരിച്ചിരുന്നു. അവർക്കെല്ലാം പ്ലാന്റ് വേണമെന്ന അഭിപ്രായം തന്നെയാണുള്ളത്. പക്ഷെ, അവിടെയുണ്ടായിട്ടുള്ള തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിച്ച് എല്ലാവരും ചേർന്ന്...... 140 കോടി രൂപയുടെ അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടം കഴിഞ്ഞ് രണ്ടാം ഘട്ടമായി. On-going വർക്ക് എന്നുള്ള നിലയിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച് തരികയും ചെയ്തിട്ടുണ്ട്. അത് നമുക്ക് പൂർത്തിയാക്കാനാകണം. യാതൊരു മാലിന്യ പ്രശ്നവും അവിടെയുണ്ടാകില്ല. ആ സ്വീവേജ് പ്ലാന്റ് വളരെ ശാസ്ത്രീയമായിട്ടുള്ളതാണ്. അതിന് എല്ലാവരുടെയും പിന്തുണയുണ്ടാകണം. നമുക്കത് നടപ്പിലാക്കാനാകണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

മി. സ്പീക്കർ: ഒരു അടിയന്തരചോദ്യം ഇന്ന് അനുവദിച്ചിട്ടുണ്ട്. അത് 9.55-ന് എടുക്കേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ഇങ്ങനെയൊരു ചോദ്യം ഉയർന്നുവന്നതുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ആവിക്കൽ തോട് സമരത്തിന് പ്രതിപക്ഷം പിന്തുണ കൊടുക്കാനുള്ള കാര്യം, ഞങ്ങൾ സഭയിൽ ഈ വിഷയം കൊണ്ടുവന്നതാണ്. ഇവിടെ ഈ വിഷയം ചർച്ച ചെയ്തിട്ട് സർക്കാർ തന്നെ മുൻകയ്യെടുത്ത് ചർച്ച നടത്തി അവരെ അത് ബോധ്യപ്പെടുത്തണമെന്ന് പറഞ്ഞു. അവിടെ അവരുടെ മാലിന്യമല്ല സംസ്കരിക്കുന്നത്. അവിടെ വെള്ളം കയറുന്ന സ്ഥലം ഫിൽ ചെയ്തിട്ടാണ് ഇത് ചെയ്തിരിക്കുന്നത്. പത്ത് മുന്നൂറ് വീടുകളിൽ ഇപ്പോൾതന്നെ വെള്ളം കയറിയിരിക്കുകയാണ്. കോഴിക്കോട് സിറ്റിയിലെ ഏറ്റവും ജനസാന്ദ്രതയുള്ള ഒരു പ്രദേശത്താണ് ഈ പദ്ധതി കൊണ്ടുവരുന്നത്. ഇത്തരം ഏത് പദ്ധതികൾ കൊണ്ടുവരുമ്പോഴും ആ പ്രദേശത്തെ ജനങ്ങളെ ബോധ്യപ്പെടുത്തണം. അതിനുപകരം, പോലീസിനെ ഉപയോഗിച്ച് സമരം അടിച്ചമർത്തി ആ പദ്ധതി നടപ്പാക്കാനുള്ള തീരുമാനത്തെയാണ് ഞങ്ങൾ എതിർത്തത്. ഇനിയെങ്കിലും സർക്കാർ ഗൗരവത്തോടുകൂടി അത് ചർച്ച ചെയ്യാൻ തയ്യാറാകുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, തീർച്ചയായും. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഗവൺമെന്റ് മുൻകയ്യെടുത്ത് എല്ലാവരെയും ഒരിക്കൽക്കൂടി വിളിച്ചുചേർത്ത് ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കാം.

**അടിയന്തരചോദ്യം**

**തീവ്രമഴമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ**

<u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2022 ആഗസ്റ്റ് 28 മുതൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിതീവ്രമഴയും ഉരുൾപ്പൊട്ടലും ഉണ്ടായതുമൂലം സംഭവിച്ച നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഇതുവരെ സ്വീകരിച്ച നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും വ്യക്തമാക്കാമോ;

(സി) കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ;

എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഉത്തരം കുറച്ച് ദീർഘമാണെങ്കിലും അതിൽ പറയേണ്ട വളരെ പ്രസക്തമായ ചില കാര്യങ്ങളുമുണ്ട്. അദ്ദേഹം വളരെ പ്രസക്തമായ ഒരു പ്രശ്നമാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്.

(എ) പ്രാഥമികമായ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്.

കേരളത്തിൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന മഴ തമിഴ്നാടിനും സമീപ പ്രദേശങ്ങൾക്കും മുകളിൽ നിലനിൽക്കുന്ന ചക്രവാത ചുഴിമൂലമാണ്. തമിഴ്നാട് മുതൽ വിദർഭ വരെ ഒരു ന്യൂനമർദ്ദ പാത്തി നിലനിൽക്കുന്നു. കേരളം മേഘസ്ഫോടനം, ഗസ്റ്റനാഡോ എന്നീ പ്രതിഭാസങ്ങളാൽ നിരന്തരം ദുരന്ത സാഹചര്യം നേരിട്ടും വരുന്നു. കേരളത്തിന്റെ കാലാവസ്ഥയിൽ ഗണ്യമായ മാറ്റം പ്രകടമാണ്.

സംസ്ഥാനത്ത് 28-08-2022 മുതലുണ്ടായിട്ടുള്ള ശക്തമായ മഴയെത്തുടർന്ന് നിലവിൽ 18 ക്യാമ്പുകളിലായി 321 പേർ താമസിക്കുന്നു.

ഒരു വീട് പൂർണ്ണമായും 16 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. 6 മരണങ്ങളുണ്ടായിട്ടുണ്ട്. കാർഷിക നഷ്ടം, വ്യാപാരികൾക്കുണ്ടായിട്ടുള്ള നഷ്ടം എന്നിവ വിലയിരുത്തിവരുന്നു.

കൊച്ചി നഗരത്തിലുണ്ടായ പ്രത്യേക സാഹചര്യം അവിടെ കേന്ദ്രീകരിച്ചുണ്ടായ പ്രവചനാതീത മഴമൂലമാണ്. സാധാരണ ഓടകളും, കാനകളും ശരാശരി 10-15 വർഷത്തെ ആവർത്തന സാധ്യതയുള്ള മഴ പരിഗണിച്ചാണ് നഗരങ്ങളിൽ നിർമ്മിക്കുന്നത്. എന്നാൽ ഇന്നലെ കൊച്ചി നഗരത്തിൽ പെയ്ത മഴ അതിതീവ്രമായ മഴയായിരുന്നു. ഇത്തരം മഴയെ ഉൾക്കൊള്ളാൻ സാധാരണ ഓടകൾക്കും കാനകൾക്കും സാധിക്കില്ല. ഇപ്പോൾ കേരളത്തിൽ പല പ്രദേശങ്ങളിലുമുണ്ടാകുന്ന മഴ ഇത്തരത്തിൽ പ്രവചനാതീതമായ അതിതീവ്രമായ മഴയാണ്. ദേശീയ ദുരന്തനിവാരണ അതോറിറ്റി രാജ്യത്തെ ഇത്തരത്തിലുള്ള 25 പട്ടണങ്ങളിൽ അതത് സംസ്ഥാന, ജില്ലാ അതോറിറ്റികളുടെ സഹായത്തോടെ വെള്ളപ്പൊക്ക സാഹചര്യ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിൽ ഈ പഠനം നടന്നത് കൊച്ചിയിലാണ്. ഈ പഠനം പരിഗണിച്ച് നഗരത്തിൽ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം എന്നത് ഇപ്പോൾ ദേശീയ ദുരന്തനിവാരണ

അതോറിറ്റി പരിശോധിച്ച് വരുന്നുണ്ട്. ഇവയെല്ലാം ദീർഘകാല അടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതുണ്ട്.

ഇടുക്കി ജില്ലയിൽ വെളുപ്പിന് മൂന്നുമണിയോടെ കുടയത്തൂർ വില്ലേജിൽ ഉരുൾപ്പൊട്ടി ഒരു കുടുംബത്തിലെ അഞ്ച് പേരെ കാണാതാവുകയും പിന്നീട് എല്ലാവരുടെയും മൃതദേഹങ്ങൾ കണ്ടെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ചിറ്റടിച്ചാലിൽ സോമൻ, മാതാവ് തങ്കമ്മ, ഭാര്യ ഷിജി, മകൾ ഷിമ സോമൻ, കൊച്ചുമകൻ ദേവാക്ഷിത് എന്നിവർക്കാണ് ജീവഹാനി സംഭവിച്ചത്. കുടുംബത്തിലെ അംഗങ്ങളോട് അനുശോചനം രേഖപ്പെടുത്തുന്നു. പ്രദേശത്തെ 13-ഓളം കുടുംബങ്ങളെ താൽകാലികമായി മാറ്റിപ്പാർപ്പിച്ചു.

സംസ്ഥാനത്ത് 28.08.2022 മുതലുണ്ടായ ശക്തമായ മഴയിൽ 23 ക്യാമ്പുകളിലായി ഇപ്പോൾ 419 പേരാണ് താമസിക്കുന്നത്. മൂന്ന് വീടുകൾ പൂർണ്ണമായിട്ടും 56 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ആറ് മരണങ്ങളും വളരെ പ്രയാസമായതരത്തിലുണ്ടായി.

കൊച്ചിയിലാണ് വളരെ പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമുണ്ടാകുന്നത്. 10-15 വർഷക്കാലം ആവർത്തന സാധ്യതയുള്ള മഴ പരിഗണിച്ചുകൊണ്ടാണ്

സാധാരണ കാനകൾ ഡിസൈൻ ചെയ്യുക. എന്നാൽ അതിതീവ്രമായ മഴയാണ് കൊച്ചിയിലുണ്ടായിരുന്നത്. നമ്മുടെ ദേശീയ ദുരന്തനിവാരണ അതോറിറ്റി വെള്ളപ്പൊക്ക പ്രദേശങ്ങളിൽ പഠനം നടത്തിയ 25 പട്ടണങ്ങളിലൊന്നായി കൊച്ചി മാറിക്കഴിഞ്ഞു. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം അവർ തയ്യാറാക്കി വരികയാണ്. അത് കിട്ടുന്ന മുറയ്ക്ക് ആ കാര്യങ്ങൾ കൃത്യതയോടുകൂടി വിശകലം ചെയ്യുന്നതാണ്.

(ബി) 18-05-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മേധാവികളും ജില്ലാ കളക്ടർമാരും ഉൾപ്പെടെ യോഗം ചേരുകയും മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായി മീറ്റിംഗ് നടത്തി മൺസൂൺ മുന്നൊരുക്കങ്ങൾക്കായി എല്ലാ ജില്ലകൾക്കും ഒരു കോടി രൂപ വീതം അനുവദിച്ചു.

സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള റൂൾ കർവ് മോണിറ്ററിംഗ് കമ്മിറ്റി ഇതുവരെ 8-ഓളം യോഗങ്ങൾ ചേർന്ന് നദികളിലെയും അണക്കെട്ടുകളിലെയും പ്രളയ സാധ്യത പരിഗണിച്ച് സസൂക്ഷ്മം ജലനിരപ്പ് ക്രമീകരിച്ച് വരുന്നു. ഈ സൂക്ഷ്മമായ നിയന്ത്രണംമൂലം ഡാമുകളുമായി ബന്ധപ്പെട്ട ഒരു തരത്തിലുള്ള ദുരന്ത സാഹചര്യങ്ങൾ കേരളത്തിൽ ഈ മഴക്കാലത്ത് ഇതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

കേരളത്തിൽ ദുരന്ത സാധ്യതയുള്ള മേഖലയിൽ വസിക്കുന്നവരെ കണ്ടെത്തിയിട്ടുണ്ട്. അവരെ അടിയന്തരഘട്ടങ്ങളിൽ മാറ്റി താമസിപ്പിക്കാൻ 3071 ക്യാമ്പുകൾക്കുള്ള കെട്ടിടങ്ങൾ കണ്ടെത്തി സജ്ജീകരിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളിലായി 4,23,080 ആളുകളെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ ഒരുക്കങ്ങൾ പൂർത്തീകരിച്ചു.

അടിയന്തര ഘട്ടങ്ങളിൽ പെട്ടെന്നുള്ള ഇടപെടലുകൾ ഉറപ്പുവരുത്താൻ വില്ലേജ് ഓഫീസർമാർക്ക് 25,000 രൂപ വീതം നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ക്യാമ്പുകളിൽ കണ്ടെത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് അറ്റകുറ്റ

പണികൾക്കായി പഞ്ചായത്ത് ഒന്നിന് 1 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കുടയത്തൂരിൽ ഉരുൾപൊട്ടലുണ്ടായ സ്ഥലത്ത് സമയബന്ധിതമായി പ്രതികരണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. സംസ്ഥാന ഫയർ & റെസ്ക്യൂ സർവ്വീസ്, സിവിൽ ഡിഫൻസ് എന്നിവരും നാട്ടുകാരും പ്രതികരണ പ്രവർത്തനങ്ങളിൽ അക്ഷീണം ഏർപ്പെട്ടു.

റവന്യൂ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയും നേരിട്ട് ചെന്നതിലൂടെ പ്രസ്തുത സ്ഥലത്ത് വളരെ വേഗത്തിലുള്ള പ്രതികരണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. ആവശ്യമായ എല്ലാ ഉപകരണങ്ങളും ഒരു മണിക്കൂറിനുള്ളിൽ തന്നെ എത്തിച്ചേർന്നു. നേരിട്ട് പ്രതികരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പുവരുത്തുകയും ചെയ്തു.

കൊച്ചി നഗരത്തിൽ മനുഷ്യ സാധ്യമായ എല്ലാ പ്രതികരണ നടപടികളും സ്വീകരിച്ചു.

ഇനിയുള്ള ദിവസങ്ങളിലും മഴ തുടരുകയും ചില ദിവസങ്ങളിൽ അതി തീവ്രം ആകുകയും ചെയ്യും. ജനങ്ങൾ സുരക്ഷിതരാകാൻ താഴെ കാണുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1. അപകടകരമായ പ്രദേശങ്ങളിൽനിന്നും മഴ കനക്കുന്നതിന് മുന്നേ മാറി താമസിക്കുക.

2. സേഫ്റ്റി കിറ്റ് തയ്യാറാക്കി സൂക്ഷിക്കുക.

3. വ്യാജ വാർത്തകൾ പ്രചരിപ്പിക്കാതിരിക്കുക.

4. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ചിട്ടുള്ള എല്ലാ സഹായവും ബാധിക്കപ്പെട്ട കുടുംബങ്ങൾക്കും കർഷകർക്കും സമയബന്ധിതമായി അനുവദിക്കുന്നതായിരിക്കും.

18-05-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വിഭാഗത്തിലെ വകുപ്പ് മേധാവികളുടെയും കളക്ടർമാരുടെയും യോഗം ചേർന്ന്, അന്ന് മുതൽ ഈ തവണയുണ്ടാകാവുന്ന ഇത്തരം പ്രശ്നങ്ങളുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ശക്തമായി വിലയിരുത്തുകയാണ്. റവന്യൂ

വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ നേതൃത്വത്തിലും അത്തരം യോഗങ്ങൾ നടന്നിട്ടുണ്ട്. എല്ലാ ജില്ലകൾക്കും പ്രാഥമികമായി ഇത്തരം സംഭവങ്ങളെ നേരിടാൻ ഒരു കോടി രൂപ വീതം അനുവദിച്ചു. അങ്ങ് തന്നെ ശ്രദ്ധിച്ച് സൂചിപ്പിച്ച ഒരു കാര്യം, ഇത്തവണ റൂൾ കർവ് കമ്മിറ്റി എട്ട് തവണകളിലായി ശ്രദ്ധയോടെ കൂടിയതിന്റെ അടിസ്ഥാനത്തിൽ ഒരിടത്തും ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട പ്രളയത്തിന്റെ ഭാഗമായിട്ടുണ്ടാകുന്ന ഒരു പ്രശ്നവുമുണ്ടായിട്ടില്ല. അങ്ങനെ വളരെ ശക്തമായി മുന്നോട്ടുപോകാൻ കഴിഞ്ഞു.

കുടയത്തൂരിൽ വളരെ പ്രയാസകരമായ വിധത്തിൽ ഒരു കുടുംബത്തിലെ അഞ്ച് അംഗങ്ങൾ മരിച്ചപ്പോൾ മൂന്ന് മന്ത്രിമാരും അവിടത്തെ എം.പി.-യുമുൾപ്പെടെ എല്ലാ വകുപ്പുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം കാരണം വലിയ ദുരന്തങ്ങളുണ്ടാകാതെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഒരു പരിധി വരെ പ്രവാചനാതീത മഴയാണ് കേരളത്തിലുണ്ടാകുന്നത്. ഇടനാട്, മലനാട്, തീരപ്രദേശം എന്നിങ്ങനെ വളരെ വ്യത്യസ്തമായ ഭൂപ്രകൃതിയുള്ള കേരളത്തിൽ ഓരോ പ്രദേശത്തിനും

ആവശ്യമായ പ്രവചന സംവിധാനങ്ങൾ ഒരുക്കേണ്ടിയിരിക്കുന്നു.

നിലവിൽ വിവിധ മോഡലുകളെ വിശകലനം ചെയ്തിട്ടാണ് ചില അനുമാനങ്ങളിലെത്തുന്നതും മുന്നറിയിപ്പ് സന്ദേശങ്ങൾ നൽകുന്നതും. പ്രധാനമായും കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ GFS, WRF, NCUM എന്നിവയും അന്താരാഷ്ട്ര തലത്തിൽ ഉപയോഗിക്കപ്പെടുന്ന ICON, GEM, ECMWF, IBM, GRAF, SKYMET, GFS എന്നിവയും നിരീക്ഷിക്കുന്നുണ്ട്. തൽസമയ മഴയുടെ നിരീക്ഷണത്തിനായി കേന്ദ്ര കാലാവസ്ഥ വകുപ്പിനോട് സംസ്ഥാനം ആവശ്യപ്പെട്ട 100 മഴമാപിനികളിൽ 79 എണ്ണം നിലവിൽ പ്രവർത്തന സജ്ജമാണ്. ഇതുകൂടാതെ SKYMET-ന്റെ മഴമാപിനിയിൽനിന്നും 100 എണ്ണം വിവരം ക്രോഡീകരിക്കുന്നുണ്ട്. സ്വതന്ത്ര സംവിധാനങ്ങളായ മീനച്ചിൽ പുഴ സംരക്ഷണ സമിതിയുടെ മഴ മാപിനികളിൽനിന്നും പുഴയിലെ ജലനിരപ്പ് സംവിധാനങ്ങളിൽനിന്നുമുള്ള വിവരങ്ങളും വയനാട്ടിലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഏകോപിപ്പിക്കുന്ന തോട്ടങ്ങളിലെ മഴമാപിനികളിലെ വിവരങ്ങളും വിശകലനം ചെയ്യുന്നുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഈ വിവരങ്ങൾ ജലവിഭവ വകുപ്പിനും നൽകുന്നുണ്ട്.

ഓരോ ദുരന്ത സാധ്യതാ പ്രവചനങ്ങളും എത്രയും വേഗം ഏറ്റവും താഴെ തട്ടിൽ വരെ ലഭ്യമാക്കുന്നതിന് സാമൂഹ്യ മാധ്യമങ്ങളെയും പത്ര, ശ്രവ്യ, ദൃശ്യ മാധ്യമങ്ങളെയും ഉൾപ്പെടുത്തി വിപുലമായ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ നിരന്തര നിരീക്ഷണത്തിനായി ചുരുങ്ങിയത് 3 ഡോപ്ലാർ റഡാറുകൾ ആവശ്യമുണ്ട്. നിലവിൽ കേന്ദ്ര കാലാവസ്ഥ വകുപ്പിന് സ്വന്തമായി റഡാറുള്ളത് കൊച്ചിയിൽ മാത്രമാണ്. തെക്കൻ കേരളം നിരീക്ഷിക്കാൻ VSSC -യുടെ റഡാറാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇത് മഴക്കാലത്ത് മാത്രമാണ് പ്രയോജനപ്പെടുന്നത്. വടക്കൻ കേരളത്തിൽ ഒരു റഡാർ വേണമെന്ന ആവശ്യം 2013 മുതൽ കേരളം ഉന്നയിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും വടക്കൻ കേരളത്തിലും കൊച്ചി മാതൃകയിൽ IMD-ക്ക് 2 റഡാറുകൾ കൂടി ഉണ്ടായാൽ കാലാവസ്ഥ പ്രവചനത്തിൽ വലിയ മാറ്റമുണ്ടാകും. ഇപ്പോഴുണ്ടാകുന്ന അതിസൂക്ഷ്മ മഴ പ്രവചിക്കാൻ X-Bands റഡാറുകൾ സ്ഥാപിക്കുന്ന സംവിധാനമുണ്ടാകണം. ഇത്തരം റഡാറുകൾ പ്രാദേശികമായി സ്ഥാപിക്കുന്നതിനും വേണമെങ്കിൽ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കാനും സാധിക്കും. ഈ നിലയിൽ

കാലാവസ്ഥ പ്രവചനത്തിൽ ഒരു വലിയ മാറ്റം കൊണ്ടുവരാനാണ് സർക്കാർ പ്രവർത്തിക്കുന്നത്.

കേരളത്തിൽ പ്രവചനാതീത മഴയുടെ ഫലമായി ഉണ്ടാകുന്ന മനുഷ്യ നാശം ഗണ്യമായി ഉണ്ടാകുന്ന ഉരുൾപ്പൊട്ടലുകളുടെയും മണ്ണിടിച്ചിലുകളുടെയും പശ്ചാത്തലത്തിൽ ഇത്തരം ദുരന്തങ്ങൾ കൂടുതലായി കണ്ടുവരുന്ന ഇടുക്കി ജില്ലയിലും വയനാട് കോഴിക്കോട് അതിർത്തിയിലും ഓരോ ഹൈ ഓൾട്ടിട്യൂഡ് റസ്ക്യൂ ഹബ്ബുകൾ സ്ഥാപിക്കുന്നത് സജീവ പരിഗണനയിലാണ്. ഇത്തരം ഹബ്ബുകളിൽ അഗ്നി സുരക്ഷാ വകുപ്പ്, സിവിൽ ഡിഫൻസ്, NDRF എന്നിവരുടെ സഹകരിച്ചുള്ള പ്രവർത്തനവും മലയോര മേഖലയിലെ രക്ഷാ പ്രവർത്തനത്തിന് സവിശേഷമായ ഉപകരണങ്ങളും X Band റഡാറുകളും ഉൾപ്പെടുന്ന സംവിധാനമാണ് ഉദ്ദേശിക്കുന്നത്.

<u>മി. സ്പീക്കർ</u>: ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ട് സമയമായെങ്കിലും ഉപചോദ്യം ചോദിക്കാം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അപ്രതീക്ഷിതമായുണ്ടായ മഴയിൽ വലിയ നാശനഷ്ടം സംഭവിച്ചത് വ്യാപാരികൾക്കാണ്. ഓണം വിപണിയെ

ലക്ഷ്യം വച്ച് സാധനസാമഗ്രികൾ വലിയ തോതിൽ ശേഖരിച്ച് വച്ചിരുന്നു. അതിൽ വലിയ നഷ്ടമുണ്ടായി. വലിയ നഷ്ടം സംഭവിച്ച ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തതിനാൽ എന്തെങ്കിലും നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ എസ്.ഡി.ആർ.എഫ്. അനുസരിച്ച് ദുരന്ത പ്രതികരണ നിധിയിൽനിന്നും ഇതിനുവേണ്ടിയിട്ടുള്ള ഒരു സംവിധാനവും നമുക്കില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി വീണാ ജോർജ്ജും, ഇന്ന് സബ്മിഷൻ അവതരിപ്പിക്കുന്ന ശ്രീ. പ്രമോദ് നാരായണനും അങ്ങും ഉൾപ്പെടെയുള്ള അംഗങ്ങൾ ഈ പ്രശ്നങ്ങൾ സഭയുടെയും മന്ത്രിമാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പും ഗവൺമെന്റും ആലോചിച്ച് ഈ കാര്യങ്ങൾ പരിശോധിക്കുന്നമുറയ്ക്ക് ആവശ്യമായ ആലോചനകൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടാകുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)